പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:166 | 04/02/2013 - ൽ മറുപടിക്ക്

## മത്സ്യസമ്പത്ത്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തോമസ് ചാണ്ടി: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) അശാസ്ത്രീയമായ മത്സ്യബന്ധനം മൂലം സംസ്ഥാനത്തെ കായലുകൾ, നദികൾ, തടാകങ്ങൾ എന്നിവയിലെ മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) മത്സ്യസമ്പത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഫിർമ, അഡാക് ഏജൻസികൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) മത്സ്യസമ്പത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് അഡാക്ക് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br><br>സംസ്ഥാനാവിഷ്കൃത പദ്ധതികൾ<br><br>1. കുട്ടനാടൻ പാടശേഖരങ്ങളിലേയും, കോൾപടവുകളിലേയും ഒരു നെല്ലും ഒരു മീനും പദ്ധതി.<br>2. പൊക്കാളി പാടങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി.<br>3. കൈപ്പാട് നിലങ്ങളിലെ നെല്ലും ചെമ്മീനും കൃഷി. |

4. മത്സ്യസമൃദ്ധി പദ്ധതി പ്രകാരമുള്ള ആലപ്പുഴ, തൃശ്ശൂർ, എറണാകുളം ജില്ലകളിലെ ഓരുജല മത്സ്യകൃഷി, കോട്ടയം, ആലപ്പുഴ ജില്ലകളിലെ പാടശേഖര മത്സ്യകൃഷി.
5. വെള്ളായണി കായൽ സുസ്ഥിര മത്സ്യോല്പാദനവും മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി മെച്ചപ്പെടുത്തലും പദ്ധതി.

<u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

1. 13-ാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജ് - "കാർഷിക പുനരുജ്ജീവനം - സുസ്ഥിര മത്സ്യകൃഷിയിലൂടെ" പദ്ധതി.
2. കൂടുകളിലെ മത്സ്യകൃഷി പദ്ധതി.
3. ജലസംഭരണികളിൽ മത്സ്യ/ആറ്റ് കൊഞ്ച് കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ.
4. തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നിയമസഭാ മണ്ഡലത്തിലെ പൊക്കാളി പാടങ്ങളിലെ ഓരുജല മത്സ്യകൃഷി പദ്ധതി.
5. എറണാകുളം ജില്ലയിലെ പറവൂർ നിയമസഭാ മണ്ഡലത്തിലെ പൊക്കാളി പാടങ്ങളിലെ ഓരുജല മത്സ്യകൃഷി പദ്ധതി.

അഡാക്കിന്റെ കീഴിൽ വർക്കലയിലെ ഓടയത്ത് പ്രവർത്തിച്ചു വരുന്ന ഹാച്ചറിയിൽ നിന്നും ഗുണമേന്മയുള്ള ചെമ്മീൻ/ആറ്റുകൊഞ്ച് കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച്

കർഷകർക്ക് നല്കുന്നു. അഡാക്കിന്റെ ആയിരംതെങ്ങ് ഫാമിൽ കരിമീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് നല്കുന്നതിനുള്ള സംവിധാനം ആവിഷ്ക്കരിച്ചു വരുന്നു. അഡാക്കിന്റെ കീഴിലുള്ള തലശ്ശേരിയിലുള്ള എരഞ്ഞോളി ഫാം, മാളയിലുള്ള പൊയ്യ ഫാം എന്നീ ഫാമുകളിൽ മത്സ്യകൃഷി നടപ്പിലാക്കി വരുന്നു.

ഫിർമ

സംസ്ഥാനത്തെ കായലുകൾ, നദികൾ, തടാകങ്ങൾ എന്നിവയിലെ മത്സ്യ സമ്പത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്ന പദ്ധതി ഫിർമ നടപ്പിലാക്കി വരുന്നു.

(സി) പ്രസ്തുത ഏജൻസികൾ മുഖാന്തിരം മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതം നടപ്പുസാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

(സി) മത്സ്യസമ്പത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾക്കായി നടപ്പു സാമ്പത്തിക വർഷം ചെലവായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

അഡാക്ക്

1. കുട്ടനാടൻ പാടശേഖരങ്ങളിലെയും, കോൾപടവുകളിലെയും ഒരു നെല്ലും ഒരു മീനും പദ്ധതി - 31.88 ലക്ഷം രൂപ.
2. പൊക്കാളി പാടങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി - 07.00 ലക്ഷം രൂപ.
3. കൈപ്പാട് നിലങ്ങളിലെ നെൽ-ചെമ്മീൻ കൃഷി – 76.00 ലക്ഷം രൂപ.

4. 13-ാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജ് - കാർഷിക പുനരുജ്ജീവനം - സുസ്ഥിര മത്സ്യകൃഷിയിലൂടെ പദ്ധതി - 03.5 കോടി രൂപ.
5. കൂടുകളിലെ മത്സ്യകൃഷി പദ്ധതി - 67.23 ലക്ഷം രൂപ.
6. ജലസംഭരണികളിലെ മത്സ്യ നിക്ഷേപം - 07.84 ലക്ഷം രൂപ.

ഫിർമ

13-ാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജ് പ്രകാരം മത്സ്യസങ്കേതങ്ങൾ (ഫിഷ് സാങ്ച്വറികൾ) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി തുക ചെലവഴിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ